(സി) ഉദ്ദേശിക്കുന്നുണ്ട്. രണ്ടാം പഞ്ചവത്സര പദ്ധതിയിൽ അതിനുവേണ്ടി ഒരു പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) വൈക്കത്തു് നിലവിലിരിക്കുന്ന ഡിസ്പെൻസറി ഒരു ആശുപത്രിയായി ഉയർത്തുവാൻ തീരുമാനിച്ചു.

വാട്ടർടാൻസ്റ്റോട്ട്.

* 232. [48] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർടാൻസ്റ്റോട്ട് ദേശവൽക്കരിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം റൂട്ടുകളാണു് ഉടനെ എടുക്കുവാൻ ഉദ്ദേശിക്കുന്നതു്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. ഐ. വേലായുധൻ):

(എ) വാട്ടർടാൻസ്റ്റോർട്ടു് ദേശവൽക്കരിക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വില്ലേജാഫീസുകൾ.

* 233. [49] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) റിസർവ്ബാങ്കിൽനിന്നും ആവിഷ്കരിച്ചിട്ടുള്ള റൂറൽ ക്രെഡിറ്റുപദ്ധതിയനുസരിച്ചു് ഈ സംസ്ഥാനത്തു് ഈ സാമ്പത്തികവർഷത്തിൽ എത്ര വില്ലേജാഫീസുകളാണു് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതു്;

(ബി) 1955 ജൂൺമാസം 15-നു-വരെ എത്ര ബാങ്കുകൾ രജിസ്റ്റർചെയ്തിട്ടുണ്ടു്. അവ ഏതിടങ്ങളിലെല്ലാമാണു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ–ബി) ഈ സാമ്പത്തികവർഷത്തിൽ വില്ലേജാഫീസുകൾ സ്ഥാപിക്കുന്നതിനു ഉദ്ദേശിക്കുന്നില്ല. ഇതിനുവേണ്ടിയുള്ള പ്രോഗ്രാം രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ആവിഷ്കരിച്ചിട്ടുണ്ടു്.

ടാൻസ്റ്റോട്ട് അന്വേഷണ കമ്മീഷൻ.

* 234. [50] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാൻസ്റ്റോട്ട് അന്വേഷണകമ്മീഷന്റെ റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്നത്തേക്കു് ആ റിപ്പോർട്ടു് പ്രതീക്ഷിക്കുന്നു;

(സി) കമ്മീഷനെ നിയമിച്ചപ്പോൾ എത്രമാസത്തെ കാലാവധിയാണു് കൊടുത്തിരുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly